## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*379. 12.05.2017 ൽ മറുപടിയ്ക്ക്

### വിമുക്തി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ഡി.കെ. മുരളി<br>പ്രൊഫ.കെ.യു. അരുണൻ | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമുക്തി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ദേശീയ നിലവാരത്തിൽ ലഹരി മോചന-ഗവേഷണ കേന്ദ്രം ആരംഭിക്കാൻ പദ്ധതി യുണ്ടോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'യുടെ ഭാഗമായി ദേശീയ നിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോട്ടുകൂടിയ ഒരു മാതൃകാ ഡി-അഡിക്ഷൻ സെന്റർ എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | എങ്കിൽ ഈ സ്ഥാപനത്തിനും ജില്ലാ കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന ലഹരി മോചന കേന്ദ്രങ്ങൾക്കും സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ദേശീയ നിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോട്ടുകൂടിയ ഒരു മാതൃകാ ഡി-അഡിക്ഷൻ സെന്റർ എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിന് സ്ഥലം ലഭിക്കുന്നതിനുവേണ്ടി വിവിധ സർക്കാർ വകുപ്പ്/പൊതുമേഖല സ്ഥാപന മേധാവികളുമായും, ജില്ലാകളക്ടർമാരുമായും ബന്ധപ്പെട്ട് ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ലഹരി മോചന പ്രവർത്തനത്തിന് ബിവറേജസ് കോർപ്പറേഷൻ നീക്കി വച്ചിരിക്കുന്ന തുകയിൽ ഒരു ഭാഗം ഇതിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പനയിൽ ഏർപ്പെടുത്തിയ 5% പുനരധിവാസ സെസ്സ് ഇനത്തിൽ സമാഹരിക്കുന്ന തുകയിൽ നിന്നും 100 കോടി രൂപ കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'യുടെ ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ